(സി) റബ്ബറിന്റെ മാർക്കറ്റ് വില ഇപ്പോൾ (29-11-2014) കിലോയ്ക്ക് 117.00 രൂപയാണ്. റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകിയാണ് റബ്ബർ സംഭരണം നടത്തുന്നത്.

(ഡി) ഇല്ല.

(ഇ) റബ്ബർ വിളയുടെ ഉല്പാദനം, വിപണനം സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കുന്നത് റബ്ബർ ബോർഡ് മുഖേനയാണ്. റബ്ബറിന്റെ പരമ്പരാഗതമായ സ്ഥലങ്ങളിൽ ഹെക്ടറിന് 25000 രൂപ പരമ്പരാഗതമല്ലാത്ത സ്ഥലങ്ങളിൽ ഹെക്ടറിന് 35000 രൂപ എന്ന ക്രമത്തിലാണ് റബ്ബർ ബോർഡ് നടീലിനായി സബ്സിഡി നൽകിവരുന്നത്.

(എഫ്) ആവശ്യപ്പെട്ടിട്ടുണ്ട്.

ജൈവവൈവിധ്യ സംരക്ഷണം

205 (1644) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവവൈവിധ്യ സംരക്ഷണത്തിനായി കൃഷി വകുപ്പ് കൂടുതൽ ശ്രദ്ധ ചെലുത്തുമോ ;

(ബി) എങ്കിൽ സ്കൂൾ തലത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഒരു പ്ലാൻ തയ്യാറാക്കുമോ ?

ഉത്തരം

(എ & ബി) ജൈവവൈവിധ്യ സംരക്ഷണം ജൈവ വൈവിധ്യ ബോർഡ് വഴിയാണ് നടപ്പിലാക്കി വരുന്നത്.

നീര ഉല്പാദനവും വിപണനവും

206 (1645) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീരയുടെ ഉല്പാദനവും വിപണനവും എത്രത്തോളം വിജയകരമാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നീര ഉല്പാദന മേഖലയിൽ കർഷകരുടെ പങ്കാളിത്തം എത്രത്തോളം ഉണ്ടെന്ന് അറിയിക്കുമോ ;

(സി) നീര കർഷകരുടെ വരുമാന ലഭ്യത വിഭാവനം ചെയ്തതുപോലെ ലഭിച്ചു തുടങ്ങിയോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) മറ്റു പാനീയങ്ങളെ അപേക്ഷിച്ച് നീരയുടെ മേന്മ വിളംബരം ചെയ്യുന്നതിനും വിപണിയിൽ ശക്തമായ സാന്നിധ്യം അറിയിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നീരയുടെ ഉല്പാദനവും വിപണനവും വിജയകരമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കേരള കാർഷിക സർവ്വകലാശാലയുടെ പടന്നക്കാട് കേന്ദ്രത്തിൽ നീരയുടെ പൈലറ്റ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ദിവസം 160 ലിറ്റർ പൂങ്കുല നീര് ലഭിക്കുന്നു. അതിൽനിന്ന് 75 ലിറ്റർ നീര ഉൽപ്പാദിപ്പിച്ച് ലിറ്ററിന് 150 രൂപ നിരക്കിൽ 10,500 രൂപയ്ക്ക് വിൽപ്പന നടത്തുന്നു. കൂടാതെ 9 കിലോഗ്രാം കേരചക്കര ഉണ്ടാക്കി കിലോയ്ക്ക് 600 രൂപ നിരക്കിൽ 5,400 രൂപയ്ക്ക് വിൽക്കുന്നു. ആകെ പ്രതിദിന വരുമാനം 15,900 രൂപയാണ്. കൂടാതെ നാളികേര വികസന കോർപ്പറേഷനിൽ പ്രതിദിനം 100 ലിറ്റർ നീര ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതായും പ്രതിദിനം 15,000 രൂപ വരുമാനം ഉള്ളതായും അറിയിച്ചിട്ടുണ്ട്.

(ബി&സി) നീര ഉല്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി തെങ്ങുകൃഷി കൂടുതൽ ആദായകരമായി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സഹകരണ സംഘങ്ങളെ സഹായിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് നാളീകേര-നീരബോർഡ് രൂപീകരിച്ചുകൊണ്ട് നപടികൾ പുരോഗമിക്കുന്നത്. നീര ഉല്പാദന വിപണനവുമായി ബന്ധപ്പെട്ട് നാളികേര-നീര ബോർഡിന്റെ ആക്ഷൻപ്ലാൻ രൂപീകരണത്തിനുള്ള യോഗങ്ങൾ ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കാർഷിക സർവ്വകലാശാലയുടെ ഔട്ട്‌ലെറ്റുകളിലൂടെയും നാളികേര വികസന കോർപ്പറേഷന്റെ വില്പന കേന്ദ്രങ്ങളിലൂടെയും ഇപ്പോൾ നീരയുടെ വിപണനം ആരംഭിച്ചിട്ടുണ്ട്. തുടർന്ന് നീരയുടെ മേന്മയ്ക്ക് പ്രചാരം നൽകിക്കൊണ്ട് വിപണനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി നീര വെൻഡിംഗ് മെഷീനുകൾ ഇതിനോടകം ചില സ്ഥലങ്ങളിൽ സ്ഥാപിച്ചുകഴിഞ്ഞു. കൂടുതൽ നീര വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly